**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4373** **01-07-2024 - ൽ മറുപടിയ്ക്ക്**

**നികുതിവെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതിവെട്ടിപ്പ് തടയുന്നതിനും റിട്ടേൺ സമർപ്പിക്കുന്നതിലെ ക്രമക്കേടുകൾ കണ്ടെത്തുവാനും ജി.എസ്.ടി. വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് പുന:സംഘടിപ്പിക്കുകയും ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചുകൊണ്ട് നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേണുകളും മറ്റ് രേഖകളും സൂക്ഷ്മപരിശോധന നടത്തിയും ജി.എസ്.ടി. ബാക്ക് ഓഫീസിൽ ലഭ്യമായ റിപ്പോർട്ടുകൾ പരിശോധിച്ചും പൊരുത്തക്കേടുകൾ കണ്ടെത്തി കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം, 2017 അനുശാസിക്കുന്ന നടപടികൾ, ടാക്സ് പെയർ സർവ്വീസസ് വിഭാഗത്തിലെ ഓഫീസർമാർ സ്വീകരിച്ചുവരുന്നു.<br><br>ഓഡിറ്റ് വിഭാഗം നികുതി ദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നികുതി ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഇന്റലിജൻസ് വിഭാഗം നൂതന സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, രഹസ്യ വിവരങ്ങൾ, നിരന്തരമായ ആസൂത്രണം തുടങ്ങിയവ വഴി നികതിദായകർ സമർപ്പിക്കുന്ന റിട്ടേണുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കുകയും, നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും |

| | | | |
|---|---|---|---|
| | | | ഉറപ്പ് വരുത്തി സെർച്ച്/ഇൻസ്പെക്ഷൻ നടത്തി വെട്ടിച്ച നികുതി, പലിശയും പിഴയും ചേർത്ത് തിരിച്ചു പിടിക്കുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും പട്രോളിങ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ കൃത്യമായി നടപടി എടുക്കുകയും ചെയ്തു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും കണ്ടെത്തിയ നികുതി വെട്ടിപ്പ് തുക എത്രയാണെന്നും ഇതിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് എന്നും ബാക്കിയുള്ള തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം നൽകുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം കണ്ടെത്തിയ നികുതി വെട്ടിപ്പ് സംബന്ധിച്ച തുകയുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു.പിരിച്ചെടുക്കേണ്ടതായ തുക കൃത്യമായി സർക്കാരിലേക്ക് ലഭ്യമാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| വർഷം | നികുതി വെട്ടിപ്പ് കണ്ടെത്തിയ തുക(in crore) | പിരിച്ചെടുത്ത തുക(in crore) |
|---|---|---|
| 2021-22 | 172.36 | 157.05 |
| 2022-23 | 753.19 | 532.05 |
| 2023-24 | 1802.01 | 1744.7 |

Jasmin

സെക്ഷൻ ഓഫീസർ.

2023.03.11 16:29